# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1285 04.12.2014-ൽ മറുപടി

## ഭൂരഹിത കേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എം.ഷാജി<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.എം.ഉമ്മർ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ഭൂരഹിത കേരളം പദ്ധതിയുടെ നടത്തിപ്പ സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം നൽകാമോ; | ഉണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ വിലയിരുത്തൽ, ലാൻഡ് റവന്യൂ കമ്മീഷണർ, റവന്യൂ മന്ത്രി, റവന്യൂ സെക്രട്ടറി എന്നിവർ നടത്തിയിട്ടുണ്ട്.<br>പദ്ധതിയിൽ വിവിധ ഘട്ടങ്ങളിലായി പട്ടയ വിതരണം നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഒന്നാംഘട്ട പട്ടയ വിതരണം 14 ജില്ലകളിലും നടന്നു കഴിഞ്ഞു. ഇതിൽ കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ അർഹരായി കണ്ടെത്തിയ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചു.<br>രണ്ടാംഘട്ടത്തിൽ പരമാവധി ഗുണഭോക്താക്കൾക്ക് ഭൂമി നൽകണമെന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ ജില്ലാ കളക്ടർമാർ ഊർജ്ജിതമായി നടത്തിവരികയാണ്. |
| (ബി) | സംസ്ഥാനത്തെ മൊത്തം ഭൂരഹിതരുടെ കണക്ക് ലഭ്യമാണോ; ആണെങ്കിൽ ഭൂരഹിതരുടെ എണ്ണം എത്രയാണെന്നും, എത്ര പേർക്ക് ഇതേ വരെ ഭൂമി നൽകാനായിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | വിവിധ തലങ്ങളിലുള്ള അന്വേഷണത്തിന്റ ഫലമായി 2,43,928 ഭൂരഹിത കുടുംബങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. പദ്ധതി പ്രകാരം രണ്ടാം ഘട്ടത്തിൽ വിവിധ റവന്യൂ ഓഫീസുകൾ മുഖേന സമർപ്പിച്ചിരുന്ന അപേക്ഷകളിന്മേൽ |

| | | |
|---|---|---|
| | | അന്വേഷണം നടത്തി മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് പദ്ധതിയുടെ ഗുണഭോക്താക്കളായ ഭൂരഹിത കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്. പിന്നീട് ലഭിച്ച അപേക്ഷകളിൽ അന്വേഷണം നടന്നുവരുന്നു. |
| (സി) | ഭൂരഹിതർക്ക് നൽകാൻ ഭൂമി ലഭ്യമാക്കുക എന്ന ഉദ്ദേശത്തിൽ, ഭൂപരിഷ്കരണ നിയമത്തിൽ വരുത്തിയ ഭേദഗതി പ്രകാരം ഈ ആവശ്യത്തിന് കൂടുതൽ ഭൂമി ലഭ്യമാക്കാനായിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ? | "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി -2015"- ൽ വീട് വയ്ക്കുന്നതിന് അനുയോജ്യമായ റവന്യൂ ഭൂമി കൂടാതെ അന്യം നിൽപ്പ് ഭൂമി (Escheat Land), മിച്ച ഭൂമി (Surplus Land), ബോട്ട് -ഇൻ-ലാന്റ് (Bought-in-Land) തുടങ്ങി എല്ലാവിധ സർക്കാർ ഭൂമികളും ഈ പദ്ധതിക്കായി പ്രയോജനപ്പെടുത്തുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

C.K.V. Kumar

സെക്ഷൻ ഓഫീസർ